# July 2018 Report -Technical VHSE Sulthan Bathery,Wayanad

സുൽത്താൻ ബത്തേരി ടെക്‌നിക്കൽ വി.എച്.എസ് . എസി യുടെ (വയനാട്) എൻ.എസ് .എസിന്റെ നേതൃത്വത്തിൽ ജൂലൈ 2018 ൽ നടന്ന പ്രവർത്തന റിപ്പോർട് പറഞ്ഞിരിക്കുന്നു.



| **Events** | **Event Date** | **Page No** |
|---|---|---|
| പരിസര ശുചീകരണം ,പച്ചക്കറി തോട്ട നിർമാണം | July 2 & 3 2018 | 2 |
| ഓണത്തിന് ഒരു മുറം പച്ചക്കറി | July 5 2018 | 3 |
| ക്ലീൻ ക്യാമ്പസ് ,ഗ്രീൻ ക്യാമ്പസ് | July 6 2018 | 4 |
| പ്ലാവിൻ തൈ നടൽ | July 16 2018 | 5 |
| അന്തർദേശീയ നീതിന്യായ ദിനം | July 17 2018 | 6 |
| വേൾഡ് യൂത്ത് സ്‌കിൽ ഡേ | July 21 2018 | 6 |
| മഴക്കാലത്തു ഒരു കൈത്താങ്ങ് | July 24 2018 | 8 |

July 2 & 3 2018

ഒന്നാം വർഷ വിദ്യാർത്ഥികളിൽ നിന്നും NSS വോളന്റീർസിനെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി അവർക്കു പരിസര ശുചീകരണം ,പച്ചക്കറി തോട്ട നിർമാണം എന്നിവ നൽകി. ഇതിൽ നിന്നും ഉത്സാഹ ശാലികളെ തിരഞ്ഞെടുത്തു.കുട്ടികൾ പൂച്ചെടികളും വിത്തുകളും കൊണ്ടു വന്നു.സ്കൂൾ പരിസരത്തിൽ അത് നട്ടു.






July 5 -2018

ഓണത്തിന് ഒരു മുറം പച്ചക്കറി എന്നതിന്റെ ഭാഗമായി സ്കൂളിന്റെ പരിസരത്തു പച്ചക്കറി കൃഷി ആരംഭിച്ചു. കൃഷി ഓഫീസർ ശ്രീമതി . സുമിന പദ്ധതി ഉത്ഘാടനം ചെയ്തു.













**ക്ലീൻ ക്യാമ്പസ് ,ഗ്രീൻ ക്യാമ്പസ് July 6 -  2018**

ശുചിത്വ മിഷന്റെ ക്ലീൻ ക്യാമ്പസ് ,ഗ്രീൻ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷൻ ഓഫീസർ  ശ്രീ. അനൂപ്  കുട്ടികൾക്ക് ഒരു ബോധവത്കരണ ക്ലാസ്സെടുത്തു.





**പ്ലാവിൻ തൈ നടൽ -July 16 2018**

എൻ.എസ് .എസിന്റെ നേതൃത്വത്തിൽ  സംസ്ഥാനത്തുടനീളം പ്ലാവിൻ തൈ നടുന്നതിന്റെ ഭാഗമായി വാർഡ് കൗൺസിലർ രാധ രവീന്ദ്രൻ ,പി ടി എ വൈസ് പ്രസിഡന്റ് സുരേന്ദ്രൻ എന്നിവരുടെ മേൽനോട്ടത്തിൽ സ്കൂളിലും പരിസരത്തും കുട്ടികൾ പ്ലാവിൻ തൈകൾ നട്ടു പിടിപ്പിച്ചു .






**അന്തർദേശീയ നീതിന്യായ ദിനം -July 17**

July 17, അന്തർദേശീയ നീതിന്യായ ദിനത്തിന്റെ ഭാഗമായി എൻ.എസ് .എസിൻറെ നേതൃത്വത്തിൽ കുട്ടികൾക്ക് ജില്ലാ കോടതിയുടെ ഭാഗമായി സൈബർ ലോകത്തെ നിയമ

വശങ്ങളെ കുറിച്ചും ,കുട്ടികൾ അറിഞ്ഞിരിക്കേണ്ട മറ്റു നിയമവശങ്ങളെ  കുറിച്ചും ജില്ലാ കോടതിയിലെ അഡ്വക്കേറ്റ് ശ്രീമതി. പ്രസന്ന എൻ.വി. ക്ലാസ്സെടുത്തു.









**വേൾഡ് യൂത്ത് സ്കിൽ ഡേ -July 21 , 2018**

'വേൾഡ് യൂത്ത് സ്കിൽ ഡേ' യുടെ  യുടെ ഭാഗമായി   എൻ എസ് എസ് ന്റെ നേതൃത്വത്തിൽ ടെക്നിക്കൽ വി എച് എസ്   സ്കൂളിൽ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ 'ASTHRA 2k18'  സംഘടിപ്പിച്ചു. വാർഡ് കൗൺസിലർ ശ്രീമതി രാധ രവീന്ദ്രൻ പരിപാടി ഉത്ഘാടനം ചെയ്തു.  കുട്ടികൾ നിർമിച്ച വിവിധ വർക്കിംഗ് മോഡലുകളും, സ്റ്റിൽ മോഡലുകളും പ്രദർശനത്തിന് വെച്ചു. പല വിഷയങ്ങളെ പറ്റിയുള്ള ചാർട്ടുകളും കുട്ടികൾ തയ്യാറാക്കിയിരുന്നു.  കുട്ടികളുടെ വിവിധ കലാപരിപാടികളും, മികച്ച സ്റ്റാളുകൾക്ക് സമ്മാനവിതരണവും ഉണ്ടായിരുന്നു.


NATIONAL SERVICE SCHEME
(Dept. of VHSE Govt.of Kerala)


ASTHRA 2K18
World Youth Skill Day
WELCOME




LIMITED SLIP DIFFRENTIAL
REAR AXLE CASING
REAR AXLE DRIVE
HOTCHKISS DRIVE
HYPOID











July 24,2018

**മഴക്കാലത്തു ഒരു കൈത്താങ്ങ്**

ബത്തേരി പുറമ്പോക്ക് ഭൂമിയിൽ ഒരു കുടിലിൽ താമസിക്കുന്ന വൃദ്ധ ദമ്പതികൾക്ക് എൻ.എസ് .എസ് . വോളന്റീർസിൻറെ നേതൃത്വത്തിൽ ഒരു മാസം അവർക്കു വേണ്ട ഭക്ഷണ സാധനങ്ങൾ, കമ്പിളി ഉടുപ്പുകൾ,പാത്രങ്ങൾ, മെഴുകുതിരി , അരി,പച്ചക്കറി തുടങ്ങിയവ നൽകി.



